ഉത്തരം

(എ) ഉണ്ട്. പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ തെരെഞ്ഞെടുത്ത 100 പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന സമ്പൂർണ്ണ ഇ-സാക്ഷരതാ യജ്ഞം-ഒന്നാം ഘട്ടം 2014 ജനുവരി 4-ാം തീയതി ബഹു. പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

(ബി) വിവരസാങ്കേതിക വിദ്യയിൽ അറിവും പ്രാവീണ്യവും സാമാന്യ ജനങ്ങൾക്ക് ഇന്റർനെറ്റിലൂടെ സുപരിചിതമാക്കുക, കല, ശാസ്ത്രം, സാങ്കേതിക വിദ്യ, വ്യവസായം, സ്വയംപ്രകാശനം, ആശയവിനിമയം, സാമൂഹ്യസേവനം എന്നീ മേഖലകളിൽ ഡിജിറ്റൽ മാധ്യമത്തിലൂടെ സർഗ്ഗാത്മക സംയോജനം സാധ്യമാക്കുക, ഇ-ഗവേണൻസ് ജനപ്രിയമാക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ പങ്കാളിത്തവേദി ഒരുക്കുക, സാമ്പത്തിക ശാക്തീകരണത്തിനും സമയത്തിന്റെ പൂർണ്ണമായ സദുപയോഗത്തിനും സഹായകമായ ഇ-വാണിജ്യവും, ഇ-സേവനവും സുപരിചിതമാക്കുക എന്നിവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

(സി) പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ നേതൃത്വത്തിൽ 795 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കുന്ന ഇ-സാക്ഷരതാ പദ്ധതിക്ക് 375 ലക്ഷം രൂപ കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നു.

(ഡി) 33 മാസത്തിനുള്ളിൽ (2017 മാർച്ച് 31 ന്) പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

(ഇ) സംസ്ഥാനത്തെ 14 ജില്ലകളിലും കളക്ടറുടെ അദ്ധ്യക്ഷതയിൽ മോണിട്ടറിംഗ് & ഇവാല്യൂവേഷൻ കമ്മിറ്റി അംഗങ്ങളുടേയും പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്ത് പ്രസിഡന്റുമാരുടേയും യോഗം ചേരുകയുണ്ടായി. വിവിധ ജില്ലകളിലെ 64 ഗ്രാമ പഞ്ചായത്തുകൾക്ക് ഒന്നാം ഗഡുവായ ഒരു ലക്ഷം രൂപ നൽകുകയുണ്ടായി. പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള എല്ലാ ഹാർഡ്വെയറുകളും പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ ലഭ്യമാക്കുന്നു. തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമ പഞ്ചായത്തിനെ ആദ്യത്തെ സമ്പൂർണ്ണ ഇ-സാക്ഷരതാ പഞ്ചായത്തായി 2014 മാർച്ച് ഒന്നാം തീയതി ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കൽ

158 (1214) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻതോതിൽ സർക്കാർ ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്നവരിൽ നിന്ന് തിരിച്ചുപിടിക്കുന്നത് സംബന്ധിച്ച് നയവും നടപടികളുമെന്തെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാട്ട ഭൂമിയായിരുന്ന നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റ് പോബ്സ് ഗ്രൂപ്പിന് പതിച്ച് നൽകിയത് സംബന്ധിച്ച ആക്ഷേപങ്ങളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തി നിജസ്ഥിതി കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചത് എന്നാണ് ; നാളിതുവരെ സ്വീകരിക്കപ്പെട്ട നടപടികൾ എന്തെല്ലാം ; ഭൂമി അന്യായമായി കൈവശപ്പെടുത്തിയവരുമായി ഒത്തുകളിക്കുകയും, കൂട്ടു നിൽക്കുകയും ചെയ്തതായി പരാതികൾക്കിടയായിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) അനധികൃതമായി കൈവശപ്പെടുത്തിയ കരുണാ എസ്റ്റേറ്റ് തിരിച്ചെടുക്കുന്നതിന് ഇതിനകം സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) അനധികൃതമായി സർക്കാർ ഭൂമി കൈവശം വച്ചുവരുന്നു എന്ന് കണ്ടെത്തുന്ന കേസുകളിൽ ഭൂമി തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) നെല്ലിയാമ്പതിയിൽ പോബ്സ് ഗ്രൂപ്പിന് ഭൂമി പോക്കുവരവ് ചെയ്തതുമായി ബന്ധപ്പെട്ട കേസിൽ പോബ്സ് ഗ്രൂപ്പിന്റെ മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് ഒരു സർവ്വെ ടീമിനെ രൂപീകരിക്കാൻ സർവ്വെ ഡയറക്ടറെ ചുമതലപ്പെടുത്തിയും പ്രസ്തുത സർവ്വെ ജോലികൾ 2014 നവംബർ ഇരുപതോടെ ആരംഭിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചും 12-11-2014-ലെ സർക്കാർ ഉത്തരവ് (സാധാ)നം.5473/14/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർവ്വെക്ക് മേൽനോട്ടം വഹിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ നോഡൽ ഓഫീസറായും ലാൻഡ് ബോർഡ് സെക്രട്ടറി, സർവ്വെ ഡയറക്ടർ, പ്രിൻസിപ്പിൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഇൻസ്പെക്ടർ ജനറൽ (രജിസ്ട്രേഷൻ), പാലക്കാട് ജില്ലാ കളക്ടർ എന്നിവർ അംഗങ്ങളായി ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചും പ്രസ്തുത സമിതി രണ്ടാഴ്ചയിലൊരിക്കൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ച് ഉത്തരവായിട്ടുണ്ട്.

സർവ്വെ നടപടികൾ നടന്നുവരുന്നു. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തണമെന്ന ശിപാർശ സർക്കാർ അംഗീകരിച്ചു.

(സി) നെല്ലിയാമ്പതിയിൽ തർക്കഭൂമിയുമായി ബന്ധപ്പെട്ട് മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് ഒരു സർവ്വെ ടീമിനെ രൂപീകരിക്കാൻ സർവ്വെ ഡയറക്ടറെ ചുമതലപ്പെടുത്തി 12-11-2014-ലെ സർക്കാർ ഉത്തരവ് (സാധാ)നം.5473/2014 പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിൻപ്രകാരം സർവ്വെ ഡയറക്ടർ ടീമിനെ നിയമിക്കുകയും പ്രസ്തുത ടീം സർവ്വെ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly